## പതിന്നാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 394 — 27.02.2017-ൽ മറുപടിയ്ക്ക്

**ചോദ്യം**
ശ്രീ. അടൂർ പ്രകാശ്

**മറുപടി**
ശ്രീ.പി.തിലോത്തമൻ
ഭക്ഷ്യവും, പൊതുവിതരണവും,
വകുപ്പ മന്ത്രി

### വിലക്കയറ്റം

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന് ഈ വർഷം അനുവദിച്ച പദ്ധതി വിഹിതം എത്രയാണ്; ഇതിൽ എന്ത് തുക 2017 ജനുവരി 31 വരെ ചെലവഴിച്ചു; ഇത് പദ്ധതി തുകയുടെ എത്ര ശതമാനാണ്; | (എ) | ഈ വർഷം അനുവദിച്ച പദ്ധതി വിഹിതം 1904.35 ലക്ഷം രൂപയാണ്. 2017 ജനുവരി 31 വരെ 184.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി തുകയുടെ 9.69 ശതമാനമാണ് . |
| (ബി) | 2015-16-ൽ പദ്ധതി വിഹിതം എത്രയായിരുന്നു; ഇതിൽ എന്ത് തുക 2016 ജനുവരി 31 വരെ ചെലവഴിച്ചു; ഇത് പദ്ധതി തുകയുടെ എത്ര ശതമാനമായിരുന്നു; | (ബി) | 2015-16-ൽ പദ്ധതി വിഹിതം 1800 ലക്ഷം രൂപയായിരുന്നു. 2016 ജനുവരി 31 വരെ 1203.43 ലക്ഷം രൂപ ചെലവഴിച്ചു ഇത് പദ്ധതി തുകയുടെ 66.85 ശതമാനമാണ്. |
| (സി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ വകുപ്പ് പരാജയപ്പെടാനുണ്ടായ കാരണം പദ്ധതി വിഹിതം ചെലവഴിക്കുന്നതിലെ കുറവുമൂലമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ന്യായവില കടകൾ വഴി നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യാതിരുന്നതാണ് പൊതുവിപണിയിൽ അവശ്യസാധനങ്ങൾക്ക് വില വർദ്ധിക്കുന്നതിന് കാരണമായതെന്ന ആരോപണം ശരിയാണന്നു കരുതുന്നുണ്ടോ? | (ഡി) | കരുതുന്നില്ല.. |

സെക്ഷൻ ഓഫീസർ